**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5124** **20-03-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം നഗരസഭയും അതിനോട് ചേർന്നുള്ള ഏറനാട്, പെരിന്തൽമണ്ണ, തിരൂർ താലൂക്കുകളിലെ വില്ലേജുകളും ചേർത്ത് മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ 11 വില്ലേജുകളും പെരിന്തൽമണ്ണ താലൂക്കിലെ 3 വില്ലേജുകളും തിരൂരങ്ങാടി താലൂക്കിലെ 1 വില്ലേജും ഉൾപ്പെടെ ആകെ 15 വില്ലേജുകൾ ഉൾപ്പെടുത്തി കോട്ടക്കൽ അല്ലെങ്കിൽ വളാഞ്ചേരി ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാ ജില്ലകളിലെയും താലൂക്കുകളുടെ വിഭജനം/രൂപീകരണം/അതിർത്തി പുനർനിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരിൽനിന്നും പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുള്ളതും ആയത് സർക്കാർ പരിശോധിച്ചുവരികയുമാണ്. |
| (ബി) | താലൂക്ക് പുനഃസംഘടന സംബന്ധിച്ച പഠന റിപ്പോർട്ട് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള ടീം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; അതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | (എ) പിരിവിനുള്ള മറുപടി |
| (സി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താലൂക്കുകളും വില്ലേജുകളും വിഭജിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | (എ) പിരിവിനുള്ള മറുപടി |
| (ഡി) | മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (ഡി) | (എ) പിരിവിനുള്ള മറുപടി |

സെക്ഷൻ ഓഫീസർ